എ.വൈ.ആർ

ഖുർആൻ അല്ലാത്ത ദൈവിക സന്ദേശങ്ങളും ആ സന്ദേശങ്ങളനുസരിച്ചുള്ള പ്രവാചകന്റെ പ്രവർത്തനങ്ങളും സുന്നത്ത് എന്നും ഹദീസ് എന്നും വിളിക്കപ്പെടുന്നു. ഹദീസുകളുടെ അർഥം അല്ലാഹുവിന്റേതും ഭാഷ പ്രവാചകന്റേതുമാണ്. എന്നാൽ ഖുർആൻ വചനങ്ങളുടെ അർഥം മാത്രമല്ല, അർഥം പ്രകാശിപ്പിക്കാൻ ഉപയോഗിച്ച പദങ്ങളും അവയുടെ ഘടനയും ശൈലിയും എല്ലാം അല്ലാഹു റൂഹുൽ അമീൻ മുഖേന പ്രവാചക മനസ്സിൽ പ്രതിഷ്ഠിച്ചതാണ്.



وَإِنَّهُ لَتَنزِيلُ رَبِّ الْعَالَمِينَ ﴿١٩٢﴾

192. ഇത് പ്രപഞ്ചവിധാതാവ് ഇറക്കിയ വേദം തന്നെയാകുന്നു.

**192**

وَإِنَّهُ = തീർച്ചയായും ഇത് لَتَنزِيلُ = ഇറക്കൽ (ഇറക്കിയതു) തന്നെയാകുന്നു

رَبِّ الْعَالَمِينَ = ലോകങ്ങളുടെ നാഥന്റെ(പ്രപഞ്ചവിധാതാവ്)

പൂർവ പ്രവാചകന്മാരിൽ പ്രമുഖരായ പലരുടെയും ചരിത്രം വിവരിച്ചശേഷം പ്രഭാഷണം, സൂറയുടെ തുടക്കത്തിൽ പരാമർശിച്ച, ഖുർആനിന്റെ ദൈവികതയിലേക്ക് മടങ്ങുകയാണ്. ഇതു സുവ്യക്തമായ വേദസൂക്തങ്ങളാകുന്നു (تِلْكَ آيَاتُ الْكِتَابِ الْمُبِينِ)എന്നാണല്ലോ തുടങ്ങിയത്. തുടർന്ന്, അവിശ്വാസികളുടെ നിഷേധത്തിലും പരിഹാസത്തിലും ഖിന്നനായ പ്രവാചകനെ സമാശ്വസിപ്പിക്കുകയായിരുന്നു; ഇതിൽ വിശ്വസിക്കാൻ ഏതെങ്കിലും ദൈവിക ശിക്ഷയിറങ്ങി കാണണമെന്നാവശ്യപ്പെടുന്നവർ യഥാർഥത്തിൽ വിശ്വസിക്കാതിരിക്കാനുള്ള ഒഴികഴിവുകൾ തേടുക മാത്രമാണ് ചെയ്യുന്നത്. അല്ലാഹുവിനു വേണമെങ്കിൽ അവരുടെ കഴുത്തൊടിക്കുന്ന ദൃഷ്ടാന്തങ്ങൾ കാണിക്കാൻ ഒരു പ്രയാസവുമില്ല. പക്ഷേ മനുഷ്യർ അവരുടെ ബുദ്ധിയും ഉൾക്കാഴ്ചയും ഉപയോഗിച്ച് സത്യത്തെ പ്രാപിക്കുന്നതാണ് അല്ലാഹുവിനിഷ്ടം. അതിനുവേണ്ടി അവൻ ധാരാളം അവസരം അവർക്കു നൽകുന്നു. ഈ അവസരങ്ങളൊന്നും ഒട്ടും പ്രയോജനപ്പെടുത്താൻ കൂട്ടാക്കാതെ അധർമ മാർഗത്തിലൂടെ മുന്നേറുന്നവർ ഈ ഖുർആൻ മുന്നറിയിപ്പു നൽകിയ വിപത്തുകൾ അഭിമുഖീകരിക്കേണ്ടിവരികതന്നെ ചെയ്യും. ഈ താക്കീതിനു ശേഷം പൂർവപ്രവാചകന്മാരുടെയും അവരുടെ സമുദായങ്ങളുടെയും ചരിത്രം തുറന്നുകാണിച്ചു. അനുസ്മരിക്കപ്പെട്ട പ്രവാചകന്മാരുടെയെല്ലാം സമുദായങ്ങൾ കൊടിയ സത്യനിഷേധികളും ധർമധിക്കാരികളുമായിരുന്നു. അവരെല്ലാം ഭൂമിയിൽനിന്ന് ഉന്മൂലനം ചെയ്യപ്പെടുകയാണുണ്ടായത്. പ്രവാചകത്വത്തിനും വേദാവതരണത്തിനും ദൃഷ്ടാന്തം തേടുന്നവർ ആ ചരിത്ര സംഭവങ്ങളിൽനിന്ന് പാഠമുൾക്കൊള്ളാൻ തയാറാവാത്തതെന്തുകൊണ്ടാണ്? ആ സംഭവങ്ങളിലോരോന്നിലും അനിഷേധ്യവും സുവ്യക്തവുമായ ദൃഷ്ടാന്തങ്ങളില്ലേ? നാമാവശേഷമായ ആ സമുദായങ്ങളുടെ പാത പിന്തുടരുകയാണെങ്കിൽ അവരെത്തിച്ചേർന്ന പതനത്തിൽ തന്നെയായിരിക്കും ഇവരും എത്തിച്ചേരുക എന്ന താക്കീതാണ് ഈ കഥകളോരോന്നും അനുവാചകർക്ക് നൽകുന്നത്. അനന്തരം സൂറയുടെ മുഖ്യവിഷയമായ ഖുർആന്റെ ദൈവികതയിലേക്ക് മടങ്ങിക്കൊണ്ട് പറയുകയാണ്; ഇത് പ്രപഞ്ചനാഥൻ നേരിട്ടിറക്കിയ വചനങ്ങൾ തന്നെയാണ്. പൈശാചിക ജൽപനങ്ങളോ കവിഭാവനകളോ ജോത്സ്യ പ്രവചനങ്ങളോ അല്ല. പൂർവ വേദങ്ങൾ ഉൾക്കൊള്ളുന്നതു തന്നെയാണ് ഇതിന്റെയും അടിസ്ഥാനാശയങ്ങൾ. വൈദിക വിദ്വാന്മാർക്ക് വിശേഷിച്ചും ഇസ്രാഈലീ വിദ്വാന്മാർക്ക് അതു നന്നായറിയാം. അതും ഈ വേദത്തിന്റെ ആധികാരികതക്കും ദൈവികതക്കും മതിയായ ദൃഷ്ടാന്തമാകുന്നു. നിർഭാഗ്യവാന്മാരായ ആളുകൾ ഇതിനെ തള്ളിപ്പറയുന്നത് പ്രവാചകൻ കാര്യമാക്കേണ്ടതില്ല. പ്രവാചകൻ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് അദ്ദേഹത്തിൽ വിശ്വസിച്ചവരിലാണ്. തള്ളിപ്പറയുന്നവർ അതിന്റെ പരിണിത ഫലം ഏറെ താമസിയാതെ അറിയാൻ പോകുന്നു.

إِنَّهُ എന്ന വാക്കിലെ هُ എന്ന സർവനാമം സൂചിപ്പിക്കുന്നത് ഖുർആനിനെയാണ്. അതിനെക്കുറിച്ചാണല്ലോ

പ്രഭാഷണം തുടങ്ങിയത്. نزول (ഇറക്കം)ന്റെ സകർമക രൂപങ്ങളിലൊന്നാണ് تَنْزِيل. സഗൗരവം ഇറക്കുക എന്ന അർഥത്തിലാണ് تَنْزِيل പ്രയോഗിക്കുക. ഇത് ക്രിയാനാമം (مصدر) ആണെങ്കിലും ഇവിടെ ഉപയോഗിച്ചിട്ടുള്ളത് مُنَزَّل എന്ന കർമവചനത്തിന്റെ സ്ഥാനത്താണ്. ഈ വാക്യത്തിലൂടെ നിഷേധികളെ ഉണർത്തുകയാണ്: നിങ്ങൾ ആരോപിക്കുന്നതുപോലെ ഈ ഖുർആൻ പൈശാചിക പ്രചോദനത്താൽ പ്രക്ഷേപിക്കപ്പെടുന്ന ജോത്സ്യ ശ്ലോകങ്ങളല്ല. മറിച്ച്, പ്രപഞ്ചനാഥൻ അവന്റെ ദൂതന് സഗൗരവം ഇറക്കിക്കൊടുത്ത വചനങ്ങളാണ്. നിങ്ങളതിനെ മാനിക്കണം, അതിനെ നിഷേധിച്ചുകൊണ്ട് ദൗർഭാഗ്യം സ്വയം ക്ഷണിച്ചുവരുത്താതിരിക്കുക. ■

---

نَزَلَ بِهِ الرُّوحُ الْأَمِينُ ﴿١٩٣﴾

عَلَىٰ قَلْبِكَ لِتَكُونَ مِنَ الْمُنْذِرِينَ ﴿١٩٤﴾

193. പരിശുദ്ധാത്മാവ് അതുമായി ഇറങ്ങി;

194. നിന്റെ ഹൃദയത്തിൽ; നീ സൃഷ്ടികൾക്ക് ദൈവത്തിങ്കൽനിന്നുള്ള മുന്നറിയിപ്പു നൽകേണ്ടതിന്.

**193,194**

نَزَلَ بِهِ = അതുമായി ഇറങ്ങി   الرُّوحُ الْأَمِينُ = വിശ്വസ്തമായ ആത്മാവ്(പരിശുദ്ധാത്മാവ്, ജിബ്‌രീൽ)

عَلَىٰ قَلْبِكَ = നിന്റെ ഹൃദയത്തിന്മേൽ

لِتَكُونَ مِنَ الْمُنْذِرِينَ = നീ മുന്നറിയിപ്പുകാരിൽ പെട്ടവനാകാൻ

(സൃഷ്ടികൾക്ക് ദൈവത്തിൽനിന്നുള്ള മുന്നറിയിപ്പു നൽകേണ്ടതിന്)

മലക്ക് ജിബ്‌രീലിന്റെ അപരാഭിധാനമാണ് റൂഹുൽ അമീൻ-വിശ്വസ്തമായ ആത്മാവ്. ജിബ്‌രീലിനെ വിശ്വസ്തൻ എന്ന് വിശേഷിപ്പിച്ചതിലൂടെ, അല്ലാഹു എന്ത് ഏൽപിക്കുന്നുവോ അത് യാതൊരു ഏറ്റക്കുറവും മാറ്റത്തിരുത്തും ഇല്ലാതെ പ്രവാചകന് എത്തിച്ചുകൊടുക്കുന്ന മാധ്യമത്തിലൂടെയാണ് ഖുർആൻ പ്രവാചകനു ലഭിച്ചതെന്നും അതിൽ അതിന്റെ വാഹകൻ യാതൊരു വഞ്ചനയും ചെയ്തിട്ടില്ലെന്നും വ്യക്തമാക്കുകയാണ്. പ്രവാചകന്റെ ശത്രുക്കളായിരുന്ന യഹൂദർ ജിബ്‌രീലിനെ തങ്ങളുടെ ശത്രുവും വഞ്ചകനുമായി ചിത്രീകരിച്ചിരുന്ന പശ്ചാത്തലത്തിൽ കൂടിയാണ് ഈ പ്രസ്താവന. *അൽബഖറ* 97,98 സൂക്തങ്ങളിൽ ഈ വിഷയം പരാമർശിച്ചിട്ടുണ്ട്. വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക.

നിന്റെ ഹൃദയത്തിന്മേൽ - عَلَىٰ قَلْبِكَ- എന്ന വാക്കിലെ 'നീ' മുഹമ്മദ് നബി(സ)യാണ്. ഈ വചനങ്ങൾ റൂഹുൽ അമീൻ മുഹമ്മദ് നബിയുടെ ഹൃദയത്തിലേക്കിറങ്ങി വന്ന് ഗൗരവപൂർവം ബോധനം ചെയ്യുകയായിരുന്നുവെന്ന് സാരം. ഇതര വേദങ്ങളുടെ അവതരണ രൂപത്തിൽനിന്ന് വ്യത്യസ്തമാണ് ഈ രീതി. മറ്റു വേദങ്ങൾ അല്ലാഹു പ്രവാചകന്മാർക്ക് അവതരിപ്പിച്ചുകൊടുത്തത് മനസ്സിലുളവാക്കുന്ന ബോധോദയത്തിന്റെ രൂപത്തിലായിരുന്നു. ആശയം അല്ലാഹുവിന്റേതാണെങ്കിലും അത് പ്രബോധനം ചെയ്യുന്ന പ്രവാചകന്റേതാണ് അതിന്റെ ഭാഷയും ശൈലിയും. ചിലരുടെ ദിവ്യബോധനം സ്വപ്ന ദർശനത്തിലൂടെയായിരുന്നു. ചിലരുടേത് അശരീരി കേൾക്കുന്നതുപോലെ. തൗറാത്തിലെ പത്തു കൽപനകൾ അല്ലാഹു മൂസാ നബിക്കു ശിലാഫലകങ്ങളിൽ എഴുതിക്കൊടുക്കുകയായിരുന്നു. ദൈവിക സന്ദേശങ്ങൾ പൊതുവിൽ നൽകപ്പെട്ടിരുന്നത് മനസ്സിലുളവാകുന്ന വെളിപാടുകളുടെ രൂപത്തിലും ചിലപ്പോൾ മലക്ക് ഭൗതിക രൂപം പൂണ്ട് പ്രവാചകന്മാരുടെ മുന്നിൽ വന്ന് സംസാരിക്കുന്ന രൂപത്തിലുമായിരുന്നു. ഖുർആൻ അല്ലാത്ത ദൈവിക സന്ദേശങ്ങൾ മുഹമ്മദ് നബിക്ക് ലഭിച്ചിരുന്നത് ഇത്തരം രൂപങ്ങളിലായിരുന്നു. ആ സന്ദേശങ്ങളനുസരിച്ചാണ് നബി(സ) ആധ്യാത്മിക-ധാർമിക വിഷയങ്ങൾ സംസാരിച്ചിരുന്നതും പ്രവർത്തിച്ചിരുന്നതും. ഖുർആൻ അല്ലാത്ത ദൈവിക സന്ദേശങ്ങളും ആ സന്ദേശങ്ങളനുസരിച്ചുള്ള പ്രവാചകന്റെ പ്രവർത്തനങ്ങളും സുന്നത്ത് എന്നും ഹദീസ് എന്നും വിളിക്കപ്പെടുന്നു. ഹദീസുകളുടെ അർഥം അല്ലാഹുവിന്റേതും ഭാഷ പ്രവാചകന്റേതുമാണ്. എന്നാൽ ഖുർആൻ വചനങ്ങളുടെ അർഥം മാത്രമല്ല, അർഥം പ്രകാശിപ്പിക്കാൻ ഉപയോഗിച്ച പദങ്ങളും അവയുടെ ഘടനയും ശൈലിയും എല്ലാം അല്ലാഹു റൂഹുൽ അമീൻ മുഖേന പ്രവാചക മനസ്സിൽ പ്രതിഷ്ഠിച്ചതാണ്. അതായത് പ്രവാചകന്മാർക്കു ലഭിക്കുന്ന സാധാരണ വെളിപാടിനേക്കാൾ ഉന്നതവും ആധികാരികവുമാണ് ആ ഖുർആൻ. അതുപോലെ സൂഫികളും ഋഷിമാരും അവകാശപ്പെടുന്ന അതീന്ദ്രിയ ജ്ഞാനത്തോടും ബോധോദയത്തോടും(കശ്ഫ്-ഇൽഹാം) അതിന് സാദൃശ്യമില്ല. ഇൽഹാം, കശ്ഫ് തുടങ്ങിയ വെളിപാടുകളെ ദേഹേഛകളും പൈശാചിക പ്രചോദനങ്ങളും സ്വാധീനിക്കാനുള്ള സാധ്യത ഏറെയാണ്. നേരിട്ടുള്ള സംബോധിതൻ പ്രവാചകനാണെങ്കിലും ഈ സൂക്തത്തിലൂടെ അല്ലാഹു ഖുർആനിനെ നിഷേധിക്കുന്നവരോട് പറയുകയാണ്: വിശുദ്ധമായ സ്രോതസ്സിൽനിന്ന് വിശുദ്ധമായ മാധ്യമത്തിലൂടെ അതിവിശുദ്ധമായ സ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളതാണീ വചനങ്ങൾ. 80:13-16ൽ

فِي صُحُفٍ مُكَرَّمَةٍ ﴿١٣﴾ مَرْفُوعَةٍ مُطَهَّرَةٍ ﴿١٤﴾ بِأَيْدِي سَفَرَةٍ ﴿١٥﴾ كِرَامٍ بَرَرَةٍ ﴿١٦﴾

(ആദരണീയവും ഉന്നതവും പവിത്രവുമായ ഏടുകളില്‍, മഹനീയരും വിശിഷ്ടരുമായ എഴുത്തുകാരുടെ കരങ്ങളില്‍ നിലകൊള്ളുന്നത്) എന്നും 81:19-21 ല്‍

إِنَّهُ لَقَوْلُ رَسُولٍ كَرِيمٍ ﴿١٩﴾ ذِي قُوَّةٍ عِنْدَ ذِي الْعَرْشِ مَكِينٍ ﴿٢٠﴾ مُطَاعٍ ثَمَّ أَمِينٍ ﴿٢١﴾

(ഇതു മഹാനായ ഒരു ദൂതന്റെ വചനമാകുന്നു. അതി പ്രബലന്‍. സിംഹാസനാധിപന്റെ സന്നിധിയില്‍ ഉന്നതസ്ഥാനീയന്‍. അവിടെ ആജ്ഞകളനുസരിക്കപ്പെടുന്ന വിശ്വസ്തന്‍) എന്നും 53:2-5 ല്‍

مَا ضَلَّ صَاحِبُكُمْ وَمَا غَوَىٰ ﴿٢﴾ وَمَا يَنْطِقُ عَنِ الْهَوَىٰ ﴿٣﴾ إِنْ هُوَ إِلَّا وَحْيٌ يُوحَىٰ ﴿٤﴾ عَلَّمَهُ شَدِيدُ الْقُوَىٰ

(നിങ്ങളുടെ സുഹൃത്ത് പിഴച്ചിട്ടില്ല, വിഡ്ഢിയായിട്ടുമില്ല. അദ്ദേഹം സ്വേഛാനുസാരം സംസാരിക്കുകയല്ല, ഇത് അദ്ദേഹത്തിനു ലഭിക്കുന്ന ദിവ്യബോധനം തന്നെയാകുന്നു. പ്രബലമായ കഴിവുകള്‍ക്കുടയവന്‍ അദ്ദേഹത്തെ അതു പഠിപ്പിച്ചിരിക്കുന്നു) എന്നും ഖുര്‍ആനിന്റെ ആധികാരികതയെയും വിശുദ്ധിയെയും വര്‍ണിക്കുന്നുണ്ട്.

لِتَكُونَ مِنَ الْمُنْذِرِينَ ഈ വിശുദ്ധ വചനങ്ങള്‍ വിശുദ്ധ മാര്‍ഗത്തിലൂടെ ഗൗരവപൂര്‍വം പ്രവാചക ഹൃദയത്തില്‍ പ്രതിഷ്ഠിക്കപ്പെട്ടതിന്റെ ഉദ്ദേശ്യമിതാണ്: സാക്ഷാല്‍ ദൈവത്തിലും മരണാനന്തര ജീവിതത്തിലും വിശ്വസിക്കാതെ അധര്‍മത്തിലും അസത്യത്തിലും ആണ്ട് ജീവിച്ചുവരുന്ന അശ്രദ്ധരായ ആളുകളെ ആ അശ്രദ്ധയുടെ തിക്തമായ അനന്തരഫലങ്ങളെക്കുറിച്ചും അല്ലാഹുവിനെ കണ്ടെത്തി അവന്റെ ധര്‍മശാസനകളനുസരിച്ച് ജീവിക്കുന്നതിന്റെ സല്‍ഫലങ്ങളെക്കുറിച്ചും ഉണര്‍ത്തുക. ഇത് വെറും വാക്കുകളല്ല. ഗുരുതരമായ താക്കീതുകളും സുവിശേഷങ്ങളുമാണ്. പ്രവാചകന്‍ മുന്നറിയിപ്പു നല്‍കിക്കൊണ്ടിരിക്കുക. ജനം അത് സ്വീകരിക്കുന്നുവെങ്കില്‍ അവര്‍ക്കു നല്ലത്. തള്ളിക്കളയുകയാണെങ്കില്‍ താക്കീതു ചെയ്യപ്പെട്ട മഹാവിപത്തുകള്‍ നേരിടാന്‍ തയാറായിക്കൊള്ളട്ടെ. ■

---

بِلِسَانٍ عَرَبِيٍّ مُبِينٍ ﴿١٩٥﴾

195. തെളിഞ്ഞ അറബിഭാഷയില്‍.

**195**

بِلِسَانٍ عَرَبِيٍّ = അറബി ഭാഷകൊണ്ട്(ഭാഷയില്‍) = مُبِينٍ സുവ്യക്തമായ, തെളിഞ്ഞ

ഈ കൊച്ചു വചനത്തിന് പല മാനങ്ങളുണ്ട്: 1) ഈ വചനങ്ങള്‍ അവതരിപ്പിച്ചിരിക്കുന്നത് ശുദ്ധമായ അറബിഭാഷയിലാണ്. ഇതിന്റെ പ്രബോധകനും പ്രഥമ പ്രബോധിതരും അറബികളാണ്. അതിനാല്‍ ഈ വേദം തങ്ങള്‍ക്ക് അജ്ഞാതമായ ഭാഷയിലാണെന്നോ ദുര്‍ഗ്രഹമാണെന്നോ പറഞ്ഞു മാറിനില്‍ക്കാന്‍ സംബോധിതര്‍ക്കാവില്ല. ഇതോടെ അവരുടെ മേല്‍ അല്ലാഹുവിന്റെ ന്യായം പൂര്‍ത്തിയായിക്കഴിഞ്ഞു. ഇതിനു ശേഷവും അവര്‍ വേദത്തെ പുഛിച്ചുതള്ളുന്നുവെങ്കില്‍ അതിന്റെ പൂര്‍ണമായ ഉത്തരവാദിത്തം അവര്‍ക്കു മാത്രമായിരിക്കും. 2) ഈ ഖുര്‍ആന്‍ മൗലികമായി അറബി ഭാഷയില്‍ ഇറക്കപ്പെട്ടതാണ്. പ്രവാചകനില്‍ ആശയം ഉണര്‍ത്തപ്പെടുകയും പ്രവാചകന്‍ അത് സ്വന്തം ഭാഷയില്‍ അവതരിപ്പിക്കുകയുമല്ല. മറ്റൊരുവിധത്തില്‍ പറഞ്ഞാല്‍ ഖുര്‍ആന്‍ എന്നു വിളിക്കപ്പെടുന്നത് അറബി ഭാഷയില്‍ അവതീര്‍ണമായ ദൈവിക വചനങ്ങളാണ്. മനുഷ്യന് രചിക്കാനാവാത്തതും അമാനുഷികവുമായ ഖുര്‍ആന്‍ അതാണ്; ഇതര ഭാഷകളിലുള്ള, അതിന്റെ പരാവര്‍ത്തനമോ പരിഭാഷയോ അല്ല. പരിഭാഷയും പരാവര്‍ത്തനവും മാനുഷികമാണ്. 3) അറബി ഭാഷക്ക് അല്ലാഹു നല്‍കിയ മഹത്തായ അനുഗ്രഹമാണ് ഖുര്‍ആന്‍. ഇതര പൗരാണിക ഭാഷകള്‍ മാഞ്ഞു പോവുകയോ ലുപ്ത പ്രചാരമാവുകയോ ചെയ്തപ്പോള്‍ അറബിഭാഷ സജീവ സംസാര ഭാഷയായി എന്നും ജനങ്ങളോടു സംവദിച്ചു നിലനില്‍ക്കുകയും വികസിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

ഈ സൂക്തങ്ങളെ ആധാരമാക്കി ചില ഫുഖഹാക്കള്‍ അറബേതര ഭാഷകളിലുള്ള ഖുര്‍ആന്‍ തര്‍ജമകളുടെ പാരായണവും ഖുര്‍ആന്‍ പാരായണം തന്നെയാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. അതായത് നമസ്കാരത്തിലും മറ്റും ഖുര്‍ആന്‍ പാരായണം ചെയ്യേണ്ട സ്ഥാനത്ത് പരിഭാഷകള്‍ ഉരുവിട്ടാല്‍ മതിയാകും. അറബി ഭാഷാ പരിജ്ഞാനമില്ലാത്തവര്‍ ഖുര്‍ആന്‍ പരിഭാഷകള്‍ വായിച്ച് ദൈവിക ഗ്രന്ഥം പഠിച്ചറിയേണ്ടത് നിര്‍ബന്ധമാണെന്നതില്‍ തര്‍ക്കമില്ല. അതു പുണ്യകര്‍മവുമാണ്. അതുപക്ഷേ ഖുര്‍ആന്‍ പാരായണത്തിന് -തിലാവത്തുല്‍ ഖുര്‍ആന്‍- തര്‍ത്തീലുല്‍ ഖുര്‍ആനിന് പകരമാകുന്നില്ല. കാരണം ഖുര്‍ആന്‍ അറബി ഭാഷയിലാണ്. إِنَّا جَعَلْنَاهُ قُرْآنًا عَرَبِيًّا (നാം അതിനെ അറബിഭാഷയിലുള്ള ഖുര്‍ആന്‍ ആക്കിയിരിക്കുന്നു -43:3), هَٰذَا كِتَابٌ مُصَدِّقٌ لِسَانًا عَرَبِيًّا (ഈ വേദം പൂര്‍വവേദങ്ങളെ സത്യപ്പെടുത്തുന്നതും അറബിഭാഷയിലുള്ളതുമാകുന്നു - 46:12), إِنَّا أَنْزَلْنَاهُ قُرْآنًا عَرَبِيًّا (നാം അതിനെ അറബി ഭാഷയിലുള്ള ഖുര്‍ആനായി ഇറക്കിയിരിക്കുന്നു -12:2), كَذَٰلِكَ أَوْحَيْنَا إِلَيْكَ قُرْآنًا عَرَبِيًّا (ഇപ്രകാരം നാം ഒരു അറബി ഖുര്‍ആന്‍ നിനക്ക് ബോധനം ചെയ്തിരിക്കുന്നു- 42:7). ഖുര്‍ആനിന്റെ അറബിയ്യത്ത് സവിശേഷം എടുത്തുപറയുന്ന വേറെയും സൂക്തങ്ങളുണ്ട്. وَرَتِّلِ الْقُرْآنَ تَرْتِيلًا, فَاقْرَءُوا مَا تَيَسَّرَ مِنَ الْقُرْآنِ തുടങ്ങിയ വാക്യങ്ങളിലൂടെ നമസ്കാരത്തിലും മറ്റും ചെയ്യണമെന്ന് കല്‍പിച്ചിട്ടുള്ളത് ഈ അറബി ഖുര്‍ആനിന്റെ പാരായണമാണ്. ഒറിജിനല്‍ ഖുര്‍ആനും അതിന്റെ തര്‍ജമയും തമ്മില്‍ ആകാശവും ഭൂമിയും തമ്മിലും വസ്തുവും അതിന്റെ നിഴലും തമ്മിലും ഉള്ള വ്യത്യാസമുണ്ട്. ഒറിജിനല്‍ ഖുര്‍ആന്റെ ഏറ്റവും വലിയ സവിശേഷത അതിന്റെ അമാനുഷികതയാണ്. അമാനുഷികവും മുഹമ്മദീയ പ്രവാചകത്വം സാക്ഷ്യപ്പെടുത്തുന്ന ദിവ്യാത്ഭുതവുമാണ് ഖുര്‍ആന്‍. ഈ ഗുണം വിവര്‍ത്തനം ചെയ്യപ്പെടാവുന്നതല്ല. വിവര്‍ത്തനം

ചെയ്യുമ്പോൾ ഈ ഗുണം പൂർണമായി ചോർന്നു പോവുകയും അതൊരു മാനുഷിക രചനയായി മാറുകയും ചെയ്യുന്നു. മൂല ഖുർആനിന്റെ ആശയഗരിമയും ഭാഷാ സൗന്ദര്യവും പാരായണ സുഖവും ശ്രവണഭംഗിയുമൊന്നും വിവർത്തന വായനയിൽനിന്ന് ലഭിക്കുകയില്ല. ഖുർആനിക തത്ത്വങ്ങളുടെയും വിധിവിലക്കുകളുടെയും സംവേദനം മാത്രമേ വിവർത്തനത്തിലൂടെ സാധ്യമാകൂ. അതിനുവേണ്ടിയാണത് വിവർത്തനം ചെയ്യപ്പെടുന്നതും. അതിനുവേണ്ടി ഖുർആൻ വിവർത്തനം ചെയ്യേണ്ടതും വ്യാഖ്യാനിക്കേണ്ടതും അനിവാര്യവുമാണ്. അറബിയിലുള്ള ഒറിജിനൽ ഖുർആനിന്റെ മഹത്വമോ വിശുദ്ധിയോ അതിനുണ്ടാവില്ല. ഒറിജിനൽ ഖുർആനിന്റെ സ്ഥാനത്ത് അതൊരിക്കലും നിൽക്കുകയുമില്ല.

അറബി ഭാഷയിൽ അല്ലാഹു അവതരിപ്പിച്ച ഖുർആനിന്റെ സ്ഥാനം അതിന്റെ മാനുഷിക തർജമകൾക്കു നൽകുന്നത് ഗുരുതരമായ അപകടങ്ങൾക്ക് കാരണമാകുന്നു. ഖുർആൻ വചനങ്ങളുടെ വിശാലമായ അർഥം ഏതോ മനുഷ്യൻ മനസ്സിലാക്കിയതിൽ പരിമിതമാകുന്നു. തുടർന്നു വരുന്നവർ ആ പരിഭാഷയെ തങ്ങൾ മനസ്സിലാക്കിയവിധം പരിഷ്കരിക്കുന്നു. അങ്ങനെ വേദവചനങ്ങൾ വെട്ടിത്തിരുത്തലുകൾക്കും ഏറ്റപ്പറ്റുകൾക്കും വിധേയമാകുന്നു. കാലാന്തരത്തിൽ യഥാർഥ ഖുർആൻ അതിന്റെ വാഹകരിൽനിന്നു തന്നെ അകന്നുപോകുന്നു. ഖുർആനിന്റെ മൂലഭാഷപോലും ചിലപ്പോൾ മാഞ്ഞുപോയേക്കും. വേദപരിഭാഷകളെ മൂലവേദത്തിന്റെ സ്ഥാനത്തു പ്രതിഷ്ഠിച്ചതാണ് പൂർവവേദക്കാരുടെ മാർഗഭ്രംശത്തിന്റെ മുഖ്യകാരണങ്ങളിലൊന്ന്. മിക്ക വേദങ്ങളുടെയും ഭാഷ തീരെ മാഞ്ഞുപോവുകയോ ലുപ്ത പ്രചാരമാവുകയോ ചെയ്തിരിക്കുന്നു. സാധാരണക്കാരുടെ കാര്യമിരിക്കട്ടെ സാമാന്യ പണ്ഡിതന്മാർക്കു പോലും ഒരു വേദ പരിഭാഷ മൂല വേദവുമായി യോജിക്കുന്നുണ്ടോ എന്നു പരിശോധിക്കാനാവില്ല. ഈ പരിഭാഷകളെ ആധാരമാക്കിയാണ് അവരുടെ കർമശാസ്ത്രവും ദൈവശാസ്ത്രവുമെല്ലാം സ്ഥാപിതമായിരിക്കുന്നത്.

വിശുദ്ധ ഖുർആൻ അതിന്റെ മൂലഭാഷയായ അറബിയിൽ വള്ളിപുള്ളി വ്യത്യാസങ്ങളില്ലാതെ നിലനിൽക്കുന്നു. ശതകോടികണക്കിനാളുകൾ അതു നിത്യേന പാരായണം ചെയ്തുകൊണ്ടിരിക്കുന്നുമുണ്ട്. അറബിഭാഷയാകട്ടെ, ഖുർആന്റെ അവതരണകാലത്തെന്നപോലെ ഇന്നും സജീവ സംസാരഭാഷയാണ്. ഖുർആനിന്റെ സുരക്ഷിതത്വത്തിനായി അല്ലാഹു ചെയ്ത അനുഗ്രഹമാണിത്. ഖുർആനിന് ഏതു ഭാഷകളിൽ എത്രയേറെ തർജമകളുണ്ടായാലും മൂലവേദവുമായി ഒത്തുനോക്കി ഓരോ വാക്കും ശരിയോ തെറ്റോ എന്നു തീരുമാനിക്കാൻ രണ്ടു ഭാഷകളിലും സാമാന്യ പരിജ്ഞാനമുള്ളവർക്ക് നിഷ്പ്രയാസം സാധിക്കും. തെറ്റായ പരിഭാഷകളെ വിശ്വാസികൾ തള്ളിക്കളയുകയും ചെയ്യും.

അറബി ഭാഷയിൽ ഖുർആൻ വായിക്കാനോ ഉച്ചരിക്കാനോ കഴിവില്ലാത്തവർക്ക് ആ കഴിവ് ആർജിക്കുന്നതുവരെ നമസ്കാരത്തിൽ ഖുർആൻ പരിഭാഷ പാരായണം ചെയ്യാം എന്നു പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്. അത് ഖുർആൻ പരിഭാഷ ഖുർആനിന് പകരമാകുന്നതുകൊണ്ടല്ല. ഫാതിഹ പാരായണം പോലെ നിറുത്തവും ഇരുത്തവും റുകൂഉം സുജൂദുമൊക്കെ നമസ്കാരത്തിന്റെ നിർബന്ധ ഘടകങ്ങളാണല്ലോ. അതിനൊന്നും കഴിയാത്തവിധം അവശരായവർക്ക് കേവലം സൂചനകളിലൂടെ അതൊക്കെ നിർവഹിച്ചുകൊണ്ട് നമസ്കരിക്കാനുള്ള അനുവാദത്തോട് സമീകരിച്ചിരിക്കുകയാണ് ഈ അനുവാദത്തെ. ■